മലയാള സിനിമയുടെ ബ്രാന്റ്

# ഉർവശിയുടെ റോളുകൾ ഉർവശിയുടേത് മാത്രം



ഉർവശി തൊട്ട കഥാപാത്രങ്ങളെല്ലാം അവർക്ക് മാത്രം ചെയ്യാവുന്നവയായിരുന്നു. പത്താംവയസ്സിൽ അരങ്ങേറ്റം കുറിച്ച് നാല് പതിറ്റാണ്ട് പിന്നിടുമ്പോൾ മലയാള സിനിമയുടെ ബ്രാന്റായി മാറി. കവിത മനോരഞ്ജിനി എന്ന ബാലതാരത്തിൽ നിന്നും സ്വതസിദ്ധമായ ശൈലിയിലൂടെ വളർന്ന് ഉർവശിയായി നിറഞ്ഞാടിയപ്പോൾ പുനർജ്ജനിച്ചത് നിത്യജീവിതത്തിലെ ജീവസ്സുറ്റ കഥാപാത്രങ്ങളായിരുന്നു.

നാല് പതിറ്റാണ്ടുകൾ നീണ്ട വൈഭവത്തിലൂടെ മലയാള സിനിമയുടെ ബ്രാന്റായി മാറിയ നടിയാണ് ഉർവശി. ആറ് തവണ സംസ്ഥാന പുരസ്ക്കാരവും രണ്ട് തവണ കേന്ദ്ര പുരസ്ക്കാരവും നേടി. കവിത മനോരഞ്ജിനി എന്ന ബാലതാരം വളർന്ന് ഉർവശിയായി നിറഞ്ഞാടിയപ്പോൾ പുനർജനിച്ചത് നിത്യജീവിതത്തിലെ വേറിട്ട പെൺ സാന്നിധ്യങ്ങളായിരുന്നു. ഉർവശി ചെയ്ത റോളുകളെല്ലാം അവർക്ക് മാത്രം ചെയ്യാവുന്നവയായിരുന്നു. ജയറാം ഒരിക്കൽ ചോദിച്ചതുപോലെ "പൊൻമുട്ടയിടുന്ന താറാവിൽ ഉർവശിയെയല്ലാതെ മറ്റൊരു നടിയെ സങ്കല്പിക്കാനാകുമോ?"

സംവിധായകൻ ക്രിസ്റ്റോ ടോമി ഉള്ളൊഴുക്കിന്റെ കഥ പറഞ്ഞപ്പോൾ ഉർവശിക്ക് വലിയ താത്പര്യമൊന്നും തോന്നിയിരുന്നില്ല. തനിക്ക് സന്തോഷമുള്ള സിനിമകൾ മതി എന്ന നിലപാടിലായിരുന്നു അത്. ഡാർക്ക് സിനിമ വേണ്ട എന്ന് തറപ്പിച്ച് പറഞ്ഞു. പക്ഷെ ക്രിസ്റ്റോ പിന്തിരിഞ്ഞില്ല. നാല് വർഷം കാത്തിരുന്നു. ഉർവശി അഭിനയിക്കുന്നില്ലെങ്കിൽ സിനിമ ഉപേക്ഷിക്കും എന്ന പുതുമുഖ സംവിധായകന്റെ നിലപാട് മറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചു. അങ്ങനെ ഉർവശി ഉള്ളൊഴുക്കിലേയ്ക്ക് ഇറങ്ങിചെന്നു. തിരിച്ചു കയറുമ്പോൾ ദേശീയ - സംസ്ഥാന പുരസ്ക്കാരങ്ങൾ കൈകളിലേന്തിയിരുന്നു.

ഉർവശി തൊട്ട കഥാപാത്രങ്ങളെല്ലാം അവർക്ക് മാത്രം ചെയ്യാവുന്നവയായിരുന്നു. പത്താംവയസ്സിൽ അരങ്ങേറ്റം കുറിച്ച് നാല് പതിറ്റാണ്ട് പിന്നിടുമ്പോൾ മലയാള സിനിമയുടെ ബ്രാന്റായി മാറി. കവിത മനോരഞ്ജിനി എന്ന ബാലതാരത്തിൽ നിന്നും സ്വതസിദ്ധമായ ശൈലിയിലൂടെ വളർന്ന് ഉർവശിയായി നിറഞ്ഞാടിയപ്പോൾ പുനർജ്ജനിച്ചത് നിത്യജീവിതത്തിലെ ജീവസ്സുറ്റ കഥാപാത്രങ്ങളായിരുന്നു. ഉർവശിയുടെ രണ്ടാം വരവിൽ കഥപറയാനെത്തിയ സത്യൻ അന്തിക്കാട് ആമുഖമായി ഒരു കാര്യം പറഞ്ഞു. "ഉർവശി, ഇതിൽ മീരാജാസ്മിന്റെ അമ്മയായിട്ടാണ് വേഷം". അൽപം ശങ്കയോടെയായിരുന്നു സംവിധായകന്റെ പറച്ചിൽ. എന്നാൽ ഉർവശിയാകട്ടെ തുറന്ന മനസ്സോടെ പറഞ്ഞു" സുകുമാരിയമ്മയുടെ അമ്മയായിട്ടാണ്

**തലയണ മന്ത്രത്തിലെ കാഞ്ചനയും, മഴവിൽ ക്കാവടിയിലെ ആനന്ദ വല്ലിയും, മിഥുനത്തിലെ സുലോചനയും, വിഷ്ണു ലോകത്തെ കസ്തൂരിയും, സകുടുംബം ശ്യാമളയിലെ ശ്യാമളയും, മുന്താണെ മുടിച്ചിയിലെ പരിമളവും ഉൾപ്പെടെ എത്രയെത്ര കഥാപാത്രങ്ങൾ! അവരെല്ലാം മലയാള സിനിമയിലെ ചിര ഞ്ജീവികളാണ്. ഉർവശി കഥാ പാത്രങ്ങളിലെ കുശുമ്പും, കുന്നായ്മയും, കുസൃതിയും, കുട്ടിത്തവുമൊക്കെ നിത്യ ജീവിതത്തിൽ നാം കണ്ടു കൊണ്ടിരിക്കുന്നവയാണ്.**



അഭിനയിക്കേണ്ടിവരുന്നതെങ്കിലും സത്യൻ അന്തിക്കാടിന്റെ പടമാണെങ്കിൽ ഞാൻ അഭിനയിക്കും. സംവിധായകൻ അഭിമാനം കൊണ്ട് കുളിരണിഞ്ഞ നിമിഷമായിരുന്നു അത്. ഉർവശി സംവിധായകന്റെ നടിയാണെന്ന് തെളിയിച്ച നിമിഷവും. 80, 90 കളിൽ മലയാളത്തിലെ എണ്ണപ്പെട്ട നായികയായിരുന്നു ഉർവശി. ഈ കാലയളവിൽ 500 ഓളം ചിത്രങ്ങളിൽ അഭിനയിച്ചു. 6 തവണ സംസ്ഥാന പുരസ്കാരം നേടി. രണ്ടാമൂഴത്തിലെ പ്രഥമചിത്രമായ അച്ചുവിന്റെ അമ്മ ദേശീയ സഹനടി പട്ടം നേടിക്കൊടുത്തു . 19 വർഷങ്ങൾക്കിപ്പുറം ഉള്ളൊഴുക്കിലൂടെ അതേ പുരസ്കാരം വീണ്ടും ഉറുവശിയെ തേടിയെത്തി. ഉള്ളൊഴുക്കിലെ ലീലാമ്മയ്ക്ക് ആ കഥാപാത്രം ആവശ്യപ്പെടുന്ന ഭാവ തീവ്രത സമ്മാനിച്ചു. താൻ എഴുതിവെച്ച തിരക്കഥയെ അഭിനയ മികവിലൂടെ ഉർവശി കൂടുതൽ ഉയരത്തിൽ കൊണ്ടുപോയെന്നും ഉർവശിയ്ക്ക് പുരസ്കാരം പ്രതീക്ഷിച്ചിരുന്നെന്നും സംവിധായകൻ ക്രിസ്റ്റി ടോമി പറഞ്ഞു. ജയറാം തന്നോടൊപ്പം അഭിനയിച്ച നടിമാരെ കുറിച്ച് ചോദിച്ചപ്പോൾ ഏറ്റവും വാചാലനായത് ഉർവശിയെ പരാമർശിക്കുമ്പോഴായിരുന്നു. "ഉർവശിയോടൊപ്പം എത്ര അഭിനയിച്ചാലും മതിവരില്ല അത് വേറൊരു ജന്മം തന്നെയാണ്. എത്രയോ സിനിമകളിൽ ഞങ്ങൾ ഒന്നിച്ച് അഭിനയിച്ചിരിക്കുന്നു" ജയറാം പറഞ്ഞു. "പൊൻമുട്ടയിടുന്ന താറാവിൽ" ഉർവശിയെയല്ലാതെ മറ്റൊരു നടിയെ സങ്കൽപ്പിക്കാൻ ആകുമോ ജയറാം ചോദിച്ചു

തലയണ മന്ത്രത്തിലെ കാഞ്ചനയും, മഴവിൽക്കാവടിയിലെ ആനന്ദവല്ലിയും, മിഥുനത്തിലെ സുലോചനയും, വിഷ്ണുലോകത്തെ കസ്തൂരിയും, സകുടുംബം ശ്യാമളയിലെ ശ്യാമളയും, മുന്താണെ മുടിച്ചിയിലെ പരിമളവും ഉൾപ്പെടെ എത്രയെത്ര കഥാപാത്രങ്ങൾ! അവരെല്ലാം മലയാള സിനിമയിലെ ചിരഞ്ജീവികളാണ്. ഉർവശി കഥാപാത്രങ്ങളിലെ കുശുമ്പും, കുന്നായ്മയും, കുസൃതിയും, കുട്ടിത്തവുമൊക്കെ നിത്യജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നവയാണ്. മലയാള സിനിമയിൽ സൂപ്പർസ്റ്റാറുകൾക്കൊപ്പം തന്നെ പുതിയ തലമുറയിലെ നായകന്മാർക്കൊപ്പവും അഭിനയിച്ചു.

ആദ്യം കഥ കേൾക്കും, പിന്നെ തിരക്കഥ വായിക്കും. കഥാപാത്രം തന്നിൽ ഭദ്രമായിരിക്കും എന്ന് ഉത്തമ ബോധ്യം വന്നാൽ മാത്രം സമ്മതം മൂളും ഇതാണ് ഉർവശി കഥാപാത്രങ്ങളെ സ്വീകരിക്കുന്ന രീതി. ഇഷ്ടപ്പെടാത്ത റോളുകളിൽ അഭിനയിക്കാറില്ല

ദേശീയ അവാർഡിൽ മികച്ച സഹനടിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴും തനിക്കുള്ള വിമർശനം ഉർവശി മറച്ചുവയ്ക്കുന്നില്ല തുറന്നടിക്കുക തന്നെ ചെയ്തു. ഉള്ളൊഴുക്ക് എന്ന ചിത്രത്തിൽ ഒരു സഹ കഥാപാത്രം എന്ന നിലയിലാണ് എനിക്ക് മികച്ച സഹനടിക്കുള്ള പുരസ്കാരം ലഭിച്ചത്. എന്നാൽ ചിത്രത്തിലെ ഒരു സഹകഥാപാത്രമല്ലല്ലോ മുഴനീള കഥാപാത്രമല്ലേ എന്നാണ് പരിചയക്കാർ ചോദിക്കുന്നത്. രണ്ട് മികച്ച നടികൾക്ക് അവാർഡ് പങ്കുവയ്ക്കാം എന്നിരിക്കെ എങ്ങനെ സഹനടിയാകും എന്നല്ലേ പ്രിയപ്പെട്ടവർ



ചോദിക്കു... സിനിമയിൽ മുഴുവൻ പ്രധാന റോളിലല്ലേ അഭിനയിച്ചത് ? സഹകഥാപാത്രം അല്ലല്ലോ ചെയ്തത്. അച്ചുവിന്റെ അമ്മയിൽ അഭിനയിക്കുമ്പോഴും ഇതേ പ്രശ്നം ഉണ്ടായി. അന്ന് ജൂറി അംഗമായിരുന്ന സരോജ ദേവി മികച്ച നടിക്കുള്ള അവാർഡിനായി എനിക്ക് വേണ്ടി വാദിച്ചതാണ് . അത് സഹകഥാപാത്രം അല്ലെന്നും "അച്ചുവിന്റെ അമ്മ " എന്ന ടൈറ്റിൽ തന്നെ അത് വ്യക്തമാക്കുന്നുണ്ടെന്നുമൊക്കെ വാദിച്ചതാണ്. പക്ഷേ അവരുടെ അഭിപ്രായം മേൽക്കൈ നേടിയില്ല. അവാർഡ് വാങ്ങാൻ പോയപ്പോൾ സരോജാദേവി എന്നെ അവരുടെ മുറിയിലേക്ക് വിളിപ്പിച്ച് ഇക്കാര്യം എന്നോട് നേരിട്ട് പറഞ്ഞിരുന്നു. നമുക്ക് വേണ്ടി സംസാരിക്കാൻ ആളുണ്ടായാലും അവിടത്തെ ലോബി വിചാരിക്കുന്നതേ നടക്കൂ. എന്നെ സംബന്ധിച്ച് ആരെയെങ്കിലും ക്യാൻവാസ് ചെയ്യാനോ, അവാർഡ് പ്രതീക്ഷിച്ച് അഭിനയിക്കാനോ ഒരുകാലത്തും ഞാൻ ശ്രമിച്ചിട്ടില്ല . എന്റെ സിനിമ ഓടണേ എന്ന് മാത്രമേ പ്രാർഥിച്ചിട്ടുള്ളൂ. എന്റെ ഈശ്വരൻ അത് കേട്ടിട്ടുണ്ട് . ഏറ്റവും വിജയിച്ച ചിത്രങ്ങളിലെ അഭിനയത്തിനാണ് എനിക്ക് പുരസ്കാരങ്ങൾ കിട്ടിയിട്ടുള്ളത്. അതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. ഉള്ളൊഴുക്കിന് പുരസ്കാരം പ്രതീക്ഷിച്ചിരുന്നു. പക്ഷെ തനിക്ക് പ്രതീക്ഷിച്ചിരുന്നില്ലെന്നും ഉർവശി പറഞ്ഞു.

വിജയരാഘവനെ സഹനടനായും തന്നെ സഹനടിയായും തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്തെന്ന് ജൂറി വ്യക്തമാക്കണം. അഭിനയത്തിന് എന്തെങ്കിലും അളവുകോലുണ്ടോ? ഈ പ്രായം കഴിഞ്ഞാൽ ഇങ്ങനെ കൊടുത്താൽ മതിയെന്നാണോ തീരുമാനം? തനിക്കും വിജയ രാഘവനുമുള്ള പുരസ്കാരം എങ്ങനെ തീരുമാനിച്ചെന്ന് അറിയിക്കണം. എന്തുകൊണ്ട് മികച്ച നടിക്കുള്ള പുരസ്കാരം പങ്കിട്ടില്ല .

**അവാർഡ് വാങ്ങുന്ന കാര്യത്തിൽ തോന്നുന്നതുപോലെ ചെയ്യും. വാങ്ങുകയോ വാങ്ങാതിരിക്കുകയോ ചെയ്യും. വാങ്ങി പൊയ്ക്കോളണം എന്ന് ആജ്ഞാപിക്കാൻ ആർക്കും അധികാരം നൽകിയിട്ടില്ല. തരുന്നത് സന്തോഷത്തോടെ വാങ്ങി പോകാൻ ഇത് പെൻഷൻ കാശൊന്നുമല്ലല്ലോ.**

അവാർഡ് വാങ്ങുന്ന കാര്യത്തിൽ തോന്നുന്നതുപോലെ ചെയ്യും. വാങ്ങുകയോ വാങ്ങാതിരിക്കുകയോ ചെയ്യും. വാങ്ങി പൊയ്ക്കോളണം എന്ന് ആജ്ഞാപിക്കാൻ ആർക്കും അധികാരം നൽകിയിട്ടില്ല. തരുന്നത് സന്തോഷത്തോടെ വാങ്ങി പോകാൻ ഇത് പെൻഷൻ കാശൊന്നുമല്ലല്ലോ. നമ്മുടെ ഭാഷയ്ക്ക് എന്തുകൊണ്ട് അർഹിച്ചത് കിട്ടിയില്ലെന്ന് സുരേഷ് ഗോപി അന്വേഷിച്ച് പറയട്ടെ, ഉർവശി പറഞ്ഞു.

ആടുജീവിതത്തെ അവർക്ക് എങ്ങനെയാണ് ഒഴിവാക്കാൻ കഴിഞ്ഞത്? നജീബിന്റെ ജീവിതവും കടന്നുപോയ ദുരിതവും അവതരിപ്പിക്കാനായി തന്റെ സമയവും പ്രയത്നവും നല്കി ശാരീരിക മാറ്റത്തിലൂടെ കടന്നുപോയ ഒരു നടനുണ്ട്. അത് കണ്ടില്ലെന്ന് എങ്ങനെ നടിക്കാനാകും? പൃഥ്വി രാജിന് അവാർഡ് കിട്ടാതെ പോയതിന് കാരണം എമ്പുരാൻ സിനിമയാണെന്ന് നമുക്കെല്ലാമറിയാം. അവാർഡുകൾ രാഷ്ട്രീയവത്ക്കരിക്കാനാവില്ലെന്നും ഉർവശി പറഞ്ഞു.





